# കേമൻ

തണ്ടനും മണ്ടനും കണ്ടുമുട്ടി. തണ്ടന് മണ്ടനെയൊന്ന് തല്ല ണമെന്ന് തോന്നി. തണ്ടൻ തന്നെ തല്ലുമെന്ന് മണ്ടന് തോന്നി യില്ല. എന്നുവെച്ച് തണ്ടന് തല്ലാതിരിക്കാനൊക്കുമോ? തണ്ടൻ തല്ലി; മണ്ടൻ കൊണ്ടു. അപ്പോഴും ഇവൻ തന്നെ തല്ലുമെന്ന് മുൻകൂട്ടി തോന്നാഞ്ഞതെന്തെന്ന് മണ്ടൻ ദുഃഖി ച്ചില്ല. അവൻ മണ്ടനായിരുന്നുവല്ലോ. അവൻ മണ്ടനായതു കൊണ്ടാണല്ലോ അവന്റെ മുമ്പിൽ തണ്ടൻ കേമനായത് ?

-കുഞ്ഞുണ്ണി

## പഠനപ്രവർത്തനങ്ങൾ

**ഉത്തരം പറയാമോ?**

1. ആരെല്ലാമാണ് കണ്ടുമുട്ടിയത്?
2. ആര് ആരെയാണ് തല്ലിയത്?
3. തണ്ടൻ കേമനായത് എന്തുകൊണ്ട്?

**പറഞ്ഞ ഉത്തരം എഴുതാമോ?**

